**പ്രത്യേക പരാമർശം**

ചങ്ങനാശ്ശേരിയിൽ നടന്ന പോലീസ് അതിക്രമം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു വിഷയം അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. സിൽവർലൈൻ സമരവുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി മാടപ്പള്ളിയിൽ സ്ത്രീകളും കുട്ടികളുമടങ്ങുന്ന സമരക്കാർക്കുനേരെ ക്രൂരമായ പോലീസ് അതിക്രമം നടന്നിരിക്കുകയാണ്. സിൽവർലൈൻ സംബന്ധിച്ച ചർച്ചാവേളയിൽ ഇത് സമാധാനപരമായി കൈകാര്യം ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ നൽകിയ ഉറപ്പിന്റെ ലംഘനമാണ്. അക്ഷരാർത്ഥത്തിൽ നരനായാട്ടാണ് അവിടെ നടന്നത്. സ്ത്രീകളെയെല്ലാം ബലംപ്രയോഗിച്ച് റോഡിലൂടെ വലിച്ചിഴച്ച് കൊണ്ടുപോകുകയാണ് ചെയ്തത്. ഇതിൽ ഞങ്ങളുടെ അതിശക്തമായ പ്രതിഷേധം പ്രകടിപ്പിക്കുകയാണ്. ഈ സമരത്തെ ചോരയിൽ മുക്കിക്കൊല്ലാനുള്ള എല്ലാ ശ്രമത്തെയും ഞങ്ങൾ ചെറുത്തുനിൽക്കുമെന്ന് പറയാൻ ആഗ്രഹിക്കുന്നു. ഈ സഭയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ

ഉറപ്പിന്റെ ലംഘനമാണ്. അതിൽ ശക്തിയായി പ്രതിക്ഷേധിച്ചുകൊണ്ട് ഞങ്ങൾ ബഹിഷ്ക്കരിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ ബഹിഷ്ക്കരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കെ-റെയിലുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വളരെ സമാധാനപരമായാണ് നടക്കുന്നത്. അവിടെ ഏതെങ്കിലും തരത്തിലുള്ള വലിയ പ്രതിഷേധങ്ങളൊന്നും ഉയർന്നുവരുന്നില്ല. അതിന്റെ ഭാഗമായി വലിയ പ്രശ്നം ഇതിനെതിരെ പ്രക്ഷോഭം നടത്താൻ തയ്യാറായവർക്കുണ്ടായി. അതിന്റെ ഭാഗമായി എങ്ങനെയെല്ലാം പ്രകോപനമുണ്ടാക്കാൻ കഴിയുമെന്ന് പ്രതിപക്ഷം ശ്രമിക്കുകയാണ്. അതിന്റെ ഭാഗമായി നിരവധി തെറ്റായ ഇടപെടലും പ്രകോപനം സൃഷ്ടിക്കലും പോലീസിനെ ആക്രമിക്കലും ഇതിന്റെ സർവ്വേപ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ, തഹസിൽദാരെയടക്കം തടഞ്ഞുവയ്ക്കലും ആക്രമിക്കലും അതുപോലുള്ള കാര്യങ്ങളും സംഭവിക്കുകയാണ്. ഇത്തരം കാര്യങ്ങളിൽനിന്ന് പ്രതിപക്ഷം പിൻവാങ്ങണം. ഇന്ന് ഇതിന് നേതൃത്വം കൊടുക്കുന്നത് കോൺഗ്രസ്സാണ്,

കോൺഗ്രസ് എന്ന പാർട്ടി ഏത് രീതിയിലേയ്ക്ക് മാറുന്നുവെന്നതിന്റെ തെളിവായികൂടിയാണ് ഇത് വരുന്നത്. അവരുടെ ഇടയിൽ ധാരാളം ചിന്തിക്കുന്നവരുണ്ട്. അവരുടെയെല്ലാമിടയിൽ വലിയ അഭിപ്രായവ്യത്യാസമുണ്ട്. യു.ഡി.എഫ്.-നകത്തുതന്നെ വ്യത്യസ്തതകളുണ്ട്. അത്തരമൊരു സാഹചര്യത്തിൽ അക്രമത്തിലൂടെ വിയോജിപ്പുണ്ടാക്കാൻ ശ്രമിക്കരുത്. അത് നാടിന് വിനാശകരമായിട്ടുള്ളതാണ്. തെറ്റായ ഈ രീതിയിൽനിന്നും നിങ്ങൾ പിന്മാറണമെന്നാണ് പ്രതിപക്ഷത്തോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.